I/9734/2022

# പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം
## (ഹയർസെക്കന്ററി വിഭാഗം) ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ, തിരുവനന്തപുരം-1
## (സാന്നിദ്ധ്യം : ജീവൻബാബു കെ., ഐ.എ.എസ്)
## സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കന്ററി വിഭാഗം - ജീവനക്കാര്യം- പ്രിൻസിപ്പൽ പ്രൊമോഷൻ - എച്ച്.എസ്.എസ്.റ്റി സോഷ്യോളജി തസ്തികയിൽ ജോലി ചെയ്തു വരുന്ന അധ്യാപികയെ ഒഴിവിന്റെ അഭാവത്തിൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ) സോഷ്യോളജി തസ്തികയിലേക്ക് റിവേർട്ട് ചെയ്തും, എച്ച്.എസ്.എസ്.റ്റി (ജൂനിയർ) സോഷ്യോളജിയിൽ നിയമനം നൽകിയും ഉത്തരവാകുന്നു.

---

**ഉത്തരവ്. നം. HSE/753/2021-Ad C2** **തീയതി:24-11-2022**

---

പരാമർശം:
1. 16/04/2001 ലെ 144/2001/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
2. 18/12/2022 ലെ G.O(Rt) No. 5976/2022/G.Edn സർക്കാർ ഉത്തരവ്.
3. 01/08/1994 ലെ 45/94/Fin നമ്പർ സർക്കുലർ
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 02/09/2022 തീയതിയിലെ HSE/2431/2022- Ad.C2 നമ്പർ ഉത്തരവ്.

## ഉത്തരവ്

പരാമർശം (1) ലെ കേരള ഹയർസെക്കൻഡറി എഡ്യൂക്കേഷൻ സ്റ്റേറ്റ് സർവീസസ് സ്പെഷ്യൽ റൂൾസ് പ്രകാരം, വിവിധ സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിലെ പ്രിൻസിപ്പൽ തസ്തികയിലെ ഒഴിവുകൾ, യോഗ്യരായ എച്ച്.എസ്.എസ്.ടി അധ്യാപകരുടെയും, പൊതുവിദ്യാഭ്യാസ വകുപ്പിലെ യോഗ്യരായ എച്ച്.എം/എ.ഇ.ഒ മാരുടേയും പ്രൊമോഷൻ/ ബൈ ട്രാൻസ്ഫർ മുഖേനയും നികത്തി പരാമർശം ( 2 ) ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. ഹയർ സെക്കന്ററി സ്കൂൾ ടീച്ചറിന്റെ തസ്തികയിലേക്കാണ് പ്രിൻസിപ്പൽ പോസ്റ്റ് ചെയ്യപ്പെടുന്നത് (26/02/2021-ലെ G.O(Ms)No.127/2021/G.Edn -ന്റെ ഖണ്ഡിക 1 കാണുക). പ്രിൻസിപ്പൽ ആയി നിയമിക്കപ്പെടുന്ന അധ്യാപകന്റെ അതെ വിഷയത്തിലെ HSST- യെ

മാറ്റിയാണ് പ്രിൻസിപ്പലിനെ നിയമിക്കുന്നത്. ഒരു സ്കൂളിനെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട പോസ്റ്റാണ് പ്രിൻസിപ്പൽ. പരാമർ ശം (2) ഉത്തരവ് പ്രകാരം 12 എച്ച്.എസ്.എസ്.ടി സോഷ്യോളജി അധ്യാപകർക്കും, എച്ച്.എം/ എ.ഇ.ഒ വിഭാഗത്തിൽ നിന്നും 5 അധ്യാപകർക്കും പ്രിൻസിപ്പൽ പ്രൊമോഷൻ നൽകിയിട്ടുണ്ട്. ഡെപ്യൂട്ടേഷനിലായിരുന്ന എച്ച്.എസ്.എസ്.ടി സോഷ്യോളജി ശ്രീ. രവീന്ദ്രൻ .പി എന്ന അധ്യാപകനും പ്രിൻസിപ്പൽ തസ്തികയിലേക്ക് പരാമർശം (2) ഉത്തരവ് പ്രകാരം പ്രൊമോഷൻ ലഭിച്ചിട്ടുണ്ട്. സോഷ്യോളജി വിഭാഗത്തിൽ പ്രിൻസിപ്പൽ തസ്തികയിൽ നിയമനം ലഭിച്ചവരെ എല്ലാം ഉൾക്കൊള്ളുന്നതിലേയ്ക്ക് നിലവിൽ ടി തസ്തികയിൽ ഒഴിവില്ലാത്തതിനാൽ എച്ച്.എസ്.എസ്.ടി സോഷ്യോളജിയിൽ നിയമിക്കപ്പെട്ടവരിൽ ഏറ്റവും ജൂനിയർ ആയ അദ്ധ്യാപികയെ ടിയാളുടെ ഫീഡർ കാറ്റഗറിയായ എച്ച്.എസ്.എസ്.ടി (ജൂനിയർ) സോഷ്യോളജിയിലേയ്ക്ക് റിവേർട്ട് ചെയ്യേണ്ടതായുണ്ട്.

2. മേൽ സാഹചര്യത്തിൽ എച്ച്.എസ്.എസ്.ടി (ജൂനിയർ) സോഷ്യോളജിയിൽ നിന്നും എച്ച്.എസ്.എസ്.ടി സോഷ്യോളജി ആയി 02/09/2022 തീയതിയിൽ ബൈട്രാൻസ്ഫർ മുഖേന ജോലിയിൽ പ്രവേശിച്ച ഏറ്റവും ജൂനിയർ ആയ ചുവടെ സൂചിപ്പിക്കുന്ന അധ്യാപികയെ ജൂനിയർ സോഷ്യോളജിയിലേക്ക് (45,600 - 95,600/- ശമ്പള സ്കെയിലിൽ) ഉടൻ പ്രാബല്യത്തിൽ റിവേർട്ട് ചെയ്തും ടിയാൾക്ക് എച്ച്.എസ്.എസ്.ടി (ജൂനിയർ) സോഷ്യോളജി തസ്തികയിലേക്ക് താഴെപ്പറയുന്ന പ്രകാരം നിയമനം നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | എച്ച്.എസ്.എസ്.ടി നിയമന ഉത്തരവ് തീയതി | പേര് | എച്ച്.എസ്.എസ്.ടി ആയി നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ | എച്ച്.എസ്.എസ്.ടി (ജൂനിയർ) ആയി നിയമനം നൽകുന്ന സ്കൂൾ |
|---|---|---|---|---|
| 1 | 02/09/2022 ക്രമനമ്പർ: 1 | നിഷ ലൂക്കോസ് (പെൻ : 838850) | സി.പി.എൻ.എസ് ഗവ.എച്ച്.എസ്.എസ് മാതമംഗലം, കണ്ണൂർ ( 13008) | ഗവ.എച്ച്.എസ്.എസ് കോക്കൂർ, മലപ്പുറം (11012) |

I/9734/2022

3. എച്ച്.എസ്.എസ്.റ്റി സോഷ്യോളജി തസ്തികയിൽ അടുത്ത ഓപ്പൺ വേക്കൻസി നിലവിൽ വരുന്ന മുറയ്ക്ക് സീനിയോറിറ്റി അടിസ്ഥാനത്തിൽ ടി അധ്യാപികയ്ക്ക് മേൽ തസ്തികയിലേക്ക് തസ്തികമാറ്റ നിയമനം (**HSST (Jr) to HSST**) നൽകുന്നതാണ്.

4 . ബന്ധപ്പെട്ട സ്കൂൾ പ്രിൻസിപ്പൽമാർ ടി അദ്ധ്യാപികയെ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും ജോലിയിൽ പ്രവേശിപ്പിക്കേണ്ടതുമാണ്. ജോലിയിൽ പ്രവേശിപ്പിച്ചത് സംബന്ധിച്ച റിപ്പോർട്ട് ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതും **dhsetransfer site** ൽ **Normal status ൽ** വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്. കോടതി ഉത്തരവ് മുഖേനയോ അടുത്ത പൊതുസ്ഥലം മാറ്റത്തിലോ സർവ്വീസിലിരിക്കുന്ന യോഗ്യരായ അദ്ധ്യാപകർ ഈ സ്കൂൾ തെരഞ്ഞെടുക്കുകയാണെങ്കിൽ ടി അദ്ധ്യാപികയെ മറ്റൊരു സ്കൂളിലേക്ക് മാറ്റി നിയമിക്കുന്നതാണ്.

Signed by
Jeevan Babu K
Date: 24-11-2022 16:54:02
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ്:- 1. ബന്ധപ്പെട്ട അദ്ധ്യാപികയ്ക്ക്
2. ബന്ധപ്പെട്ട പ്രിൻസിപ്പൽമാർക്ക്
3. അക്കൗണ്ടൻറ് ജനറൽ (എ& ഇ) കേരള, തിരുവനന്തപുരം
4. ബന്ധപ്പെട്ട ആർ.ഡി.ഡി
5. ബന്ധപ്പെട്ട ഡി.റ്റി.ഒ /എസ്.റ്റി.ഒ
6. കരുതൽ ഫയൽ/അധികം